# ഇസ്‌ലാമിനെ എങ്ങനെ ബദലായി അവതരിപ്പിക്കും?

■ *'അഞ്ചു ദശകങ്ങളായി പാകിസ്താനിൽ ജമാഅത്ത് പ്രവർത്തിക്കുന്നു. മുസ്‌ലിം രാഷ്ട്രമായിട്ടും ഒരു ബദൽ സംവിധാനമായി ഇസ്‌ലാമിന്റെ സാമ്പത്തിക വശങ്ങളടക്കമുള്ള വിശദാംശങ്ങൾ സമർപ്പിക്കാനോ സമൂഹത്തിന്റെ മുഖഭാവം ധാർമികമായി മാറ്റിയെടുക്കാനോ ഇന്നേവരെ അവിടെ ജമാഅത്തിനായിട്ടില്ല. എന്നിരിക്കെ ഇന്ത്യയെപ്പോലുള്ള ഒരു ഹൈന്ദവ ഭൂരിപക്ഷ രാഷ്ട്രത്തിൽ ഒരു ബദൽ ജീവിതപദ്ധതിയായി എങ്ങനെ ഇസ്‌ലാമിനെ അവതരിപ്പിക്കും, ജനതയെക്കൊണ്ട് അംഗീകരിപ്പിക്കും? (തേജസ് സപ്ലിമെന്റ് 2008 മാർച്ച് 2).* മുജീബ് എന്തുപറയുന്നു?

***ഹാറൂൺ തങ്ങൾ കിളികൊല്ലൂർ***

**സ**മ്പൂർണ ജീവിത വ്യവസ്ഥയായ ഇസ്‌ലാമിനെ മനുഷ്യനിർമിത ഭൗതിക പ്രത്യയശാസ്ത്രങ്ങൾക്ക് ബദലായി അവതരിപ്പിക്കാൻ സ്ഥല-കാല പരിമിതികളില്ല. ഇന്ത്യയിലെ 107 കോടി ജനങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമാണെങ്കിൽ അവന്റെ സന്മാർഗം അവർക്കു കൂടി ബാധകമാണ്. അതവരെ പരിചയപ്പെടുത്തുമ്പോൾ സാമ്പത്തിക, രാഷ്ട്രീയ വശങ്ങൾ മാത്രം മാറ്റിവെക്കാനോ മൂടിവെക്കാനോ നിർവാഹമില്ല. അതിന്റെ ആവശ്യവുമില്ല. മറിച്ച്, പരീക്ഷിക്കപ്പെട്ട ക്യാപിറ്റലിസ്റ്റ്, സോഷ്യലിസ്റ്റ് വ്യവസ്ഥകൾ ദയനീയ പരാജയം തെളിയിച്ചിരിക്കെ നിരാശരായ പൊതുസമൂഹത്തെ അന്യൂനമായ ദൈവിക വ്യവസ്ഥയിലേക്ക് ക്ഷണിക്കുന്നതാണ് ശരിയും യുക്തിയും. അക്കാര്യമാണ് ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനം ചെയ്തുകൊണ്ടിരിക്കുന്നത്.

ഉപഭൂഖണ്ഡത്തിലെ ഇസ്‌ലാമിക പ്രസ്ഥാനം മൗലികമായിത്തന്നെ നിരാകരിച്ച സാമുദായിക രാഷ്ട്രീയത്തിന്റെ ധ്രുവീകരണ പരിണതിയാണ് പാകിസ്താൻ എന്ന രാഷ്ട്രം. ഇസ്‌ലാം എന്തെന്നോ ഇസ്‌ലാമിക ജീവിതമെന്തെന്നോ അറിയാത്ത രാഷ്ട്രീയ നേതൃത്വം, തനി സാമുദായികാടിത്തറകളിൽ സ്ഥാപിച്ച ഒരു രാഷ്ട്രത്തെ ഇസ്‌ലാമീകരിക്കുക എളുപ്പമല്ലെന്ന് ശരിക്കും തിരിച്ചറിഞ്ഞുകൊണ്ട് തന്നെയാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ നേതൃത്വത്തിൽ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനമാരംഭിച്ചത്. പോരാട്ടത്തിന്റെ പ്രഥമഘട്ടത്തിൽ, ഒരു ഇസ്‌ലാമിക ജനാധിപത്യ ഭരണഘടനയായിരുന്നു ലക്ഷ്യം. 1973-ലെ ഭരണഘടനയോടെ ആ ലക്ഷ്യം നിറവേറി. തദനുസൃതമായ ഭരണസംവിധാനമാണ് അടുത്ത ലക്ഷ്യം. സമഗ്രമായ തെരഞ്ഞെടുപ്പ് പത്രികകളിലൂടെ ബദലുകൾ പാർട്ടി അവതരിപ്പിച്ചിട്ടുണ്ട്. അമേരിക്കൻ സാമ്രാജ്യത്വവും പഞ്ചാബ്-സിന്ധ് ഫ്യൂഡലിസവും കടുത്ത മതയാഥാസ്ഥിതിക പൗരോഹിത്യവും, സർവോപരി അധികാരക്കൊതിയരായ പട്ടാളവും ചേർന്ന് പങ്കിട്ടെടുത്തിരിക്കുന്ന പാകിസ്താനിൽ പക്ഷേ, ഇസ്‌ലാമിക ഭരണകൂടം ക്ഷിപ്രസാധ്യമാണെന്ന ഒരു തെറ്റുധാരണയും ആ നാട്ടിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിനില്ല. നിരോധത്തെയും കടുത്ത അടിച്ചമർത്തൽ നടപടികളെയുമൊക്കെ അതിജീവിച്ച് ഇന്നും ശക്തമായ സാമ്രാജ്യത്വ വിരുദ്ധ, അധാർമിക വിരുദ്ധ, ഇസ്‌ലാമിക കൂട്ടായ്മയും സമ്മർദ ശക്തിയുമായി അത് തുടരുന്നു. വെറും 35 ശതമാനം വോട്ട് രേഖപ്പെടുത്തിയ, ബേനസീറിന്റെ വധം സൃഷ്ടിച്ച സഹതാപതരംഗം അലയടിച്ച പാർലമെന്റ് തെരഞ്ഞെടുപ്പിൽ അത് ബഹിഷ്കരിച്ച ജമാഅത്തെ ഇസ്‌ലാമിക്ക് ശക്തി തെളിയിക്കാൻ കഴിയാതെ പോയതിൽ അത്ഭുതമൊന്നുമില്ല. മാറിയ സാഹചര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്തി ഭാവിപരിപാടികൾ എത്രത്തോളം യുക്തിഭദ്രമായി ആവിഷ്കരിക്കാൻ കഴിയുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു ജയാപചയങ്ങൾ. അതിന്റെ പേരിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അതിന്റെ അജണ്ട മാറ്റേണ്ട കാരണമേയില്ല. തുർക്കി, ഈജിപ്ത്, ഫലസ്തീൻ തുടങ്ങിയ നാടുകളിലെ ഇസ്‌ലാമിക ശക്തികളുടെ മുന്നേറ്റത്തിന്റെ ചിത്രം മറുവശമുണ്ടല്ലോ. ജനാധിപത്യ ഇന്ത്യയിലാകട്ടെ സ്ഥിതി തികച്ചും വ്യത്യസ്തമാണ് താനും. പ്രബോധന-സംസ്കരണ പ്രവർത്തനങ്ങൾ ചിട്ടയായി മുന്നോട്ടു കൊണ്ടുപോവാൻ ഈ രാജ്യത്ത് രംഗം തികച്ചും അനുകൂലമാണ്.

## മഹിളാ അസോസിയേഷന്റെ ഒപ്പ് ശേഖരണം

■ *മുത്ത്വലാഖും ബഹുഭാര്യാത്വവും നിരോധിക്കണമെന്നാവശ്യപ്പെട്ട് അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ ഒപ്പ്ശേഖരണം നടത്തി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ 25,000 മുസ്‌ലിം സ്ത്രീകളിൽനിന്ന് ശേഖരിച്ച ഒപ്പുകൾ അസോസിയേഷൻ നേതാക്കളായ സുഭാഷിണി അലി, അൻവറ മിർസ തുടങ്ങിയവർ ന്യൂനപക്ഷ കമീഷൻ അധ്യക്ഷൻ ശഫി മുഹമ്മദ് ഖുറൈശിക്ക് കൈമാറി. സമുദായത്തിലെ വിവിധ വിഭാഗങ്ങളുമായി ചർച്ച നടത്തി വിഷയത്തിൽ ക്രിയാത്മക നടപടിയെടുക്കണമെന്ന് ഭാരവാഹികൾ ന്യൂനപക്ഷ കമീഷൻ അധ്യക്ഷനോട് അഭ്യർഥിച്ചതായി വാർത്ത (മാധ്യമം 2008 മാർച്ച് 6) മുജീബിന്റെ അഭിപ്രായം?*

***പി.വി.സി മുഹമ്മദ് പൊന്നാനി***

**സി.**പി.എമ്മിന്റെ വനിതാ പോഷക സംഘടന സ്ത്രീകളുടെ ദുരിതവും പ്രയാസങ്ങളും പരിഹരിക്കാനാണ് ലക്ഷ്യമിടുന്നതെങ്കിൽ പ്രഥമവും പ്രധാനവുമായി വേണ്ടത് ജാതി, സമുദായ, സാമ്പത്തിക, രാഷ്ട്രീയ ഭേദം കൂടാതെ എല്ലാ വിഭാഗം സ്ത്രീകൾക്കും കണ്ണീരും

കഷ്ടപ്പാടും മാത്രം സമ്മാനിക്കുന്ന മദ്യ രാക്ഷസനെതിരെ ഒപ്പ് ശേഖരണം നടത്തി നിരോധത്തിനായി പ്രക്ഷോഭം നടത്തുകയാണ്. ഭർത്താക്കന്മാരുടെയും ഗൃഹനാഥന്മാരുടെയും മദ്യാസക്തിമൂലം തകർന്നടിയുന്ന സ്ത്രീ ജീവിതത്തിന്റെ പതിനായിരത്തിലൊരംശം ബഹുഭാര്യാത്വമോ മുത്വലാഖോ മൂലം യാതന അനുഭവിക്കുന്നില്ല. സി.പി.എം. ഭരിക്കുന്ന പശ്ചിമബംഗാളിലും കേരളത്തിലും ത്രിപുരയിലുമാകട്ടെ മദ്യത്തിന് അസാമാന്യമായ പ്രചാരണവും പ്രോത്സാഹനവുമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതും. അതിനെതിരെ 'കമ' എന്നുച്ചരിക്കാൻ സുഭാഷിണി പ്രഭൃതികൾക്ക് ധൈര്യമില്ല. ബഹുഭാര്യാത്വം അനുവദിക്കപ്പെട്ട മുസ്‌ലിം സമൂഹത്തേക്കാൾ എത്രയോ കൂടുതലാണ് അത് നിരോധിക്കപ്പെട്ട സമുദായങ്ങളിൽ. ബഹുഭാര്യാത്വത്തിന്റെയും മുത്വലാഖിന്റെയും ദുരുപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തണമെന്നത് വേറെ കാര്യം.

## അർഥമറിയാത്ത ഖുർആൻ ഓത്ത്

■ *പരിശുദ്ധ ഖുർആൻ ഓതുന്നത് മഹത്തായ പ്രതിഫലത്തിന് കാരണമാവുമെന്ന വിശ്വാസത്തിൽ മുസ്‌ലിംകൾ പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. യഥാർഥത്തിൽ ഒരോ മുസ്‌ലിമും ഖുർആന്റെ അർഥം മനസ്സിലാക്കാൻ കഴിയാവുന്നത്ര ശ്രമിക്കേണ്ടതുമാണ്. എന്നാൽ ഒരു ഖുർആൻ പഠനക്ലാസിൽ ഒരു ഖത്വീബ്, ഖുർആൻ അർഥം അറിയാതെ ഓതുന്നതും മുട്ടത്ത് വർക്കിയുടെ നോവൽ വായിക്കുന്നതും തുല്യമാണെന്ന് പറഞ്ഞത് എത്രമാത്രം ശരിയാണ്?*

***റഫീഖ് പെരിന്തൽമണ്ണ***

**'ചി**ന്തിക്കാനും ഓർക്കാനുമായി നാം ഖുർആനെ ലളിതമാക്കിയിരിക്കുന്നു. അതിനാൽ ഓർക്കാനും ചിന്തിക്കാനും ആളുണ്ടോ' (54:17), ഖുർആൻ ആവർത്തിച്ച ചോദ്യമാണിത്. ചിന്തിക്കണമെങ്കിൽ ആശയം അറിഞ്ഞിരിക്കണം. വെറുതെ ഓതാൻ തന്റെ ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചതായി ഒരു സൂചനയും എവിടെയും ഇല്ല. മുട്ടത്ത് വർക്കിയുടേതോ മറ്റാരുടേതോ ആയാലും ഒരു നോവലും അർഥമറിയാതെ ആരും പാരായണം ചെയ്യാറില്ല. ഖുർആൻ സാമാന്യമായി മനസ്സിലാക്കാൻ ആശയ വിവർത്തനങ്ങൾ എല്ലാ ഭാഷകളിലും സുലഭമായിരിക്കെ, അർഥമറിയാത്ത പാരായണത്തിന് എന്തു ന്യായം? മനസ്സിൽ മറ്റെന്തോ ഓർത്ത് ഖുർആൻ വചനങ്ങൾ ഉരുവിടുന്നത് പ്രതിഫലാർഹമാവുന്നതെങ്ങനെ എന്ന് പലവട്ടം ആലോചിക്കണം.

## സ്ത്രീ പൊതുവേദിയിൽ

■ *അടുത്ത കാലത്ത് കേരളം സന്ദർശിച്ച യിവോൺ റിഡ്‌ലിയുമായി ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കന്മാർ സ്റ്റേജ് പങ്കിട്ടതിനെ സുന്നി പണ്ഡിതന്മാരും മുസ്‌ലിയാക്കന്മാരും വിമർശിച്ചുകൊണ്ടിരിക്കുന്നു. പുരുഷ സദസ്സുകളിൽ സ്ത്രീകൾ പ്രത്യക്ഷപ്പെടാൻ പാടില്ലെന്ന് പറയുന്നവരുടെ ഇടയിൽതന്നെ പഞ്ചായത്ത് വാർഡ് മെമ്പർമാരായും പ്രസിഡന്റുമാരായും സാരഥ്യം വഹിക്കുന്ന മുസ്‌ലിം വനിതകൾ ധാരാളമായി ഉണ്ട്. കൂടാതെ, മുസ്‌ലിയാക്കന്മാരുടെ പെൺകുട്ടികൾ തന്നെ എൻട്രൻസ് കോച്ചിംഗിന് പോകുന്നവരും ഓഫീസുകളിലും സ്കൂളുകളിലും ജോലിചെയ്യുന്നവരുമുണ്ട്. ഇത്തരം സ്ത്രീകൾ പൊതുസ്റ്റേജിൽ പ്രത്യക്ഷപ്പെടേണ്ടി വരുന്നതിനെ സുന്നീ പണ്ഡിതന്മാർ വിമർശിക്കുന്നുമില്ല; അതോടൊപ്പം നബിദിനാഘോഷത്തിലും കലാപരിപാടികളിലും കൊച്ചുപെൺകുട്ടികളെ പോലും സ്റ്റേജിൽ കയറാൻ അനുവദിക്കുന്നുമില്ല. മുസ്‌ലിം സ്ത്രീകൾ അന്യപുരുഷന്മാരുമായി പൊതുവേദി പങ്കിടുന്നതിനെ കുറിച്ച് ഇസ്‌ലാമിന്റെ പ്രമാണപരമായ കാഴ്ചപ്പാട് എന്താണ്?*

***രാജൻ ബാലുശ്ശേരി***

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 33 ശതമാനം സ്ത്രീ സംവരണം ഏർപ്പെടുത്തിയപ്പോൾ അതിൽ പങ്കെടുക്കുന്ന മുസ്‌ലിം ലീഗ് വനിതകൾക്കെതിരെ സുന്നീ എ.പി വിഭാഗം കടുത്ത എതിർപ്പ് രേഖപ്പെടുത്തിയിരുന്നു. ഇ.കെ വിഭാഗം മൗനം പാലിക്കുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമി അന്നും അതിനെ എതിർത്തില്ല. സ്ത്രീ ശാക്തീകരണത്തിന്റെ ഒരു മുഖ്യമേഖലയിൽനിന്ന് മുസ്‌ലിം സ്ത്രീകൾ മാറിനിന്നാൽ, അവരുടെ മാത്രമല്ല സമുദായത്തിന്റെ തന്നെ പൊതുവായ പുരോഗതിയെ അത് ദോഷകരമായി ബാധിക്കും എന്ന തിരിച്ചറിവായിരുന്നു കാരണം. ഇന്നാകട്ടെ ഒരു മതസംഘടനയും തദ്ദേശ സ്ഥാപനങ്ങളിലെ മുസ്‌ലിം സ്ത്രീസാന്നിധ്യത്തെ എതിർക്കുന്നില്ല. എ.പി വിഭാഗവും അവർക്ക് വോട്ട് ചെയ്യുന്നു. ഇത് കാണിക്കുന്നതെന്തെന്നാൽ, മാറിയ സാഹചര്യങ്ങളിലും മുസ്‌ലിം ന്യൂനപക്ഷ സമൂഹങ്ങളിലുമടക്കം കർമശാസ്ത്രപരമായ പുതിയ പഠനങ്ങളും തീരുമാനങ്ങളും വേണമെന്ന് എല്ലാവരും ഫലത്തിൽ അംഗീകരിക്കുന്നു എന്നാണ്. താത്ത്വികമായി എതിർക്കുന്നവരും പ്രയോഗതലത്തിൽ കീഴടങ്ങുന്നുണ്ട്. സ്ത്രീകളുടെ പള്ളി പ്രവേശത്തെ പല്ലും നഖവും ഉപയോഗിച്ചെതിർത്ത മതപണ്ഡിതന്മാരിപ്പോൾ നഗരങ്ങളിലെ പള്ളികളോടനുബന്ധിച്ച് സ്ത്രീകൾക്ക് ആരാധനാലയങ്ങൾ പ്രത്യേകം പണിതു തുടങ്ങി. പള്ളിപണിയാനൊരുങ്ങുമ്പോൾ പ്ലാനിൽ സ്ത്രീകൾക്ക് പ്രത്യേക ഹാൾ വേണമോ എന്ന നിർമാണപരമായ മസ്അലയിൽ ഒതുങ്ങുന്നു ഇപ്പോൾ അഭിപ്രായ ഭിന്നത.

സമൂഹത്തിന്റെ പകുതിയായ സ്ത്രീകളെ അവഗണിച്ചുകൊണ്ട് ഒരു പ്രസ്ഥാനത്തിനും മുന്നോട്ടുപോകാനാവില്ല; പ്രബോധനമോ സംസ്കരണമോ ലക്ഷ്യം കാണുകയില്ല. ഇത് മനസ്സിലാക്കിയാണ് ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രതിനിധി സഭയിൽ നേരത്തെ തന്നെ സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തിയത്. ഇപ്പോൾ കേരള മജ്‌ലിസ് ശൂറയിലും സെക്രട്ടറിയേറ്റിലും സ്ത്രീയുണ്ട്. ഹിറാനഗർ സമ്മേളന വേദിയിൽ വനിത പ്രസംഗിച്ചിരുന്നു. തുടർച്ചയായി പലവേദികളും വനിതകൾ പങ്കിടുന്നു. ഇസ്‌ലാമിക വേഷവും അച്ചടക്കവും പാലിച്ച് അത് തുടരാൻ മതം തടസ്സമല്ലെന്നാണ് പ്രവാചക പത്നിമാരുടെയും ശിഷ്യകളുടെയും മാതൃക പരിശോധിച്ച് ഇസ്‌ലാമിക പ്രസ്ഥാനം എത്തിയിരിക്കുന്ന നിഗമനം. ശരിയല്ലെന്ന് കരുതുന്നവർക്ക് ന്യായമായ വിമർശനം ആകാം. ശരിയെന്ന് വിശ്വസിക്കുന്നവർക്ക് കരുതലോടെ മുന്നോട്ടു പോകാം. കർമശാസ്ത്ര പ്രശ്നങ്ങളിൽ പ്രസ്ഥാനത്തിന് കടുംപിടുത്തങ്ങളില്ല.

## ആത്മാക്കളുടെ ഭരണം

■ *മരണപ്പെട്ടുപോയ മഹാന്മാരുടെ ആത്മാക്കൾ ഭൗതിക ലോകത്തിന്റെ ഗതി വിഗതികൾ നിയന്ത്രിച്ച് ഭരണം നടത്തുന്നുവെന്ന് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ പ്രസ്താവിച്ചു (സിറാജ് 10.03.'08). പ്രതികരണം?*

***റമീസ് പുൽപറമ്പ് ചേന്ദമംഗല്ലൂർ***

**മ**ഹാന്മാരെയും അവരുടെ ആത്മാക്കളെയും സൃഷ്ടിച്ച അല്ലാഹുവാണ് ഭൗതിക ലോകത്തെയും അഭൗതിക ലോകത്തെയും വ്യവഹാരങ്ങളെയാകെ നിയന്ത്രിക്കുന്നത്. മറ്റാർക്കും അതിൽ പങ്കോ പ്രവേശനമോ ഇല്ല. പ്രപഞ്ച ഭരണത്തിന് അല്ലാഹു ഉപയോഗിക്കുന്നത് മലക്കുകളെയാണ്, മനുഷ്യരെയല്ല. അദൃശ്യജ്ഞാനം അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്. ഒരു സൃഷ്ടിക്കും അത് പങ്കിടാനാവില്ല. 'നാളെ നടക്കുന്നത് അറിയുന്ന ഒരു പ്രവാചകൻ ഞങ്ങളിലുണ്ട്' എന്ന് പ്രവാചക സദസ്സിൽ പാടിയ ബാലികമാരെ തിരുത്തുകയായിരുന്നു തിരുമേനി. 'അല്ലാമുൽ ഗുയൂബ്' (അദൃശ്യജ്ഞാനി) എന്ന വിശേഷണം സ്രഷ്ടാവിനു മാത്രം അവകാശപ്പെട്ടതാണ്. ഇതാണ് ഇസ്‌ലാമിന്റെ അധാരശിലയായ തൗഹീദ്. ഈ വിശ്വാസത്തിൽ വെള്ളമോ മായമോ ചേർക്കാൻ ഒരാൾക്കും അനുവാദമോ അധികാരമോ ഇല്ല. പടച്ചതമ്പുരാൻ ഉപരിപഠനാർഥം നമ്മുടെ ബഹുമാന്യരായ ഉസ്താദുമാരെ സമീപിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്.

## അഭിപ്രായം പറയാതെ

■ *'ഇപ്പോൾ ഇബാദത്തിന്റെ കാര്യത്തിൽ ജനങ്ങൾ രണ്ടു വിഭാഗമായി രണ്ട് വിരുദ്ധ ചേരിയിൽ നിലയുറപ്പിച്ചിരിക്കുന്നു. ഒന്നാമത്തെ കക്ഷി ആരാധനയുടെ ഉദ്ദേശ്യം പരിമിതപ്പെടുത്തുകയും അതു നിർവഹിക്കുന്നതിൽ അശ്രദ്ധ കാണിക്കുകയും ചെയ്യുന്നു. അങ്ങനെ ഇബാദത്തിന്റെ ധാരാളം ഇനങ്ങളെ അവർ മാറ്റിവെച്ചിരിക്കുന്നു. പള്ളിയിൽ വെച്ച് മാത്രം നിർവഹിക്കപ്പെടുന്ന നന്നേ ചുരുങ്ങിയ ഇസ്‌ലാമിക ചിഹ്നങ്ങളിലും നിർണിതമായ ചില കർമങ്ങളിലും അവരതിനെ പരിമിതപ്പെടുത്തി. വീട്ടിലോ, ഓഫീസിലോ കച്ചവടസ്ഥലത്തോ നിരത്തുകളിലോ വർത്തന വ്യവഹാരങ്ങളിലോ രാഷ്ട്രീയ രംഗങ്ങളിലോ ഇബാദത്തിന് യാതൊരു പ്രവേശനവുമില്ലത്രെ! ജീവിതത്തിൽനിന്നും മതത്തെ വേർപെടുത്തുക എന്ന സെക്യുലർ ചിന്താഗതിയാണിത്. അതെ, പള്ളിക്ക് അതിന്റെ ശ്രേഷ്ഠതയുണ്ട്. അഞ്ചുനേരത്തെ നമസ്കാരങ്ങൾ അവിടെവെച്ച് നിർവഹിക്കപ്പെടേണ്ടത് നിർബന്ധമാണ്. പക്ഷേ, ഇബാദത്ത് ഒരു മുസ്‌ലിമിന്റെ ജീവിതം മുഴുവനും ഉൾക്കൊള്ളുന്നതാണ്. പള്ളിക്കകത്തും പുറത്തുമുള്ളത് അതിൽ പെടുന്നു. അല്ലാഹുവിനുള്ള കീഴ്‌വണക്കമെന്നത് ചില പ്രത്യേക സാഹചര്യത്തിൽ മാത്രമുള്ളതോ പ്രത്യേക സ്ഥലത്തുമാത്രം നിർവഹിക്കാനോ ഉള്ളതല്ല. മറിച്ച് ഒരു മുസ്‌ലിം അവന്റെ എല്ലാ സമയങ്ങളിലും സന്ദർഭങ്ങളിലും അല്ലാഹുവിനോടുള്ള അടിമത്തം പൂർത്തീകരിക്കുന്നവനായിരിക്കും. അല്ലാഹു പറയുന്നത് കാണുക.'*

*'(നബിയേ) പറയുക, നിശ്ചയം എന്റെ നമസ്കാരവും ബലികർമവും എന്റെ ജീവിതവും മരണവും ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു' (പേജ് 49)*

*'അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ ബാഹ്യമോ, ആന്തരികമോ ആയ വാക്കുകൾക്കും പ്രവൃത്തികൾക്കും മുഴുവനായി മൊത്തത്തിൽ ഇബാദത്ത് എന്ന് പേര് പറയുന്നു' (പേജ് 45)*

*(തൗഹീദ് ഒന്നാംഭാഗം അധ്യായം 4, ഇബാദത്തിന്റെ അർഥം എന്ന തലക്കെട്ടിൽ കൊടുത്ത ഭാഗം. സുഊദി അറേബ്യയിലെ ജുബൈൽ ദഅ്‌വ ആന്റ് ഗൈഡൻസ് സെന്റർ പരീക്ഷക്ക് വേണ്ടി തയാറാക്കിയ പുസ്തകമാണിത്. വിവ. അബ്ദുർറഹ്‌മാൻ ഇബ്നു മുഹ്‌യിദ്ദീൻ സ്വലാഹി).*

*ജമാഅത്തെ ഇസ്‌ലാമി ഇബാദത്തിനെക്കുറിച്ച് പറയുന്ന അതേ ശൈലിയിലാണ് മുജാഹിദുകൾ നേതൃത്വം നൽകുന്ന ഇത്തരം കൂട്ടായ്മകൾ നൽകുന്ന വിശദീകരണവും. അടുത്തിടെ ജമാഅത്തിനെതിരായ മുജാഹിദ് വിമർശനങ്ങളിൽ ഇബാദത്ത് വരാതിരിക്കുകയും ഇബാദത്തും ഇത്വാഅത്തും എന്ന കെ.പി മുഹമ്മദ് മൗലവിയുടെ പുസ്തകം ഇപ്പോൾ പുറത്തിറങ്ങാതിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ മുജീബ് എന്തുപറയുന്നു?*

***കെ.പി അബൂബക്കർ കാരകുന്ന്***
***അൽഹസ്സ സുഊദി അറേബ്യ***

**നോ** കമന്റ്